20-ാം പതിപ്പ്

# മാധവിക്കുട്ടി

# ഒറ്റയടിപ്പാത



DCB

മാധവിക്കുട്ടി • ഒറ്റയടിപ്പാത

ഡി സി ബുക്സ്



## ഒറ്റയടിപ്പാത

മാധവിക്കുട്ടി

സാമൂഹികപ്രവർത്തകയായി മറ്റുള്ളവരുടെ കണ്ണുനീർ തുടച്ചുമാറ്റാനും അവരുടെ നന്ദിയും സ്നേഹവും സമ്പാദിക്കുവാനും ഞാൻ ഒരിക്കൽ ആഗ്രഹിച്ചു. പക്ഷേ, ഇന്നു ഞാൻ തനിച്ചാണ്. എന്റെ യാത്രയിൽ എനിക്ക് ആരും കൂട്ടിനില്ല. ലഗേജിന്റെ ഭാരം കൂടാതെ ഒരൊറ്റയടിപ്പാതയിൽക്കൂടി ഞാൻ അലയുന്നു. ദിക്ക് ഏതെന്നറിയാതെ. കാണാൻ ഇരിക്കുന്നത് എന്തെന്നാലോചിക്കാതെ. ഞാൻ ഒരു സ്വപ്നാടനക്കാരിയെപ്പോലെ ഒരിക്കലും തിരിഞ്ഞു നോക്കാതെ മുന്നേറുന്നു. ഓരോ രക്ഷാവലയവും ക്രമേണ തകർന്നുവീഴുമെന്നും ഒടുവിൽ മതിലില്ലാത്ത, അംഗരക്ഷകരില്ലാത്ത, വാതിലുകളില്ലാത്ത ഒരു തുറന്ന ലോകത്തിൽ ഒരനാഥയായി അവശേഷിക്കുമെന്നും ബാല്യകാലത്തിന്റെ ആഘോഷവേളയിൽ ഞാൻ ഒരിക്കലും വിചാരിച്ചില്ല.

ജീവിതത്തിന്റെ ഒറ്റയടിപ്പാതകളിൽ
ഏകയും നിരാലംബയുമായി
നടക്കേണ്ടിവരുന്നവർക്ക്

DCB ഡി സി ബുക്സ്
www.dcbooks.com
സ്മരണ
കവർ ഡിസൈൻ
ശ്രീപ്രിയ പി. എസ്.
ISBN 81-713-0522-[illegible]
9 788171 305223 00020
₹ 260
E-book Available

College Of Avian Sciences & Management
LIBRARY
2418
KVASU Thiruvazhamkunnu-678 601

2418
LIBRARY
KVASU Thiruvazhamkunnu-678 601

34

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2418 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## മാധവിക്കുട്ടി (1934–2009)

പ്രശസ്ത കവയിത്രി യശഃശരീരയായ നാലപ്പാട്ട് ബാലാമണിയമ്മയുടെയും മാതൃ
ഭൂമി മാനേജിങ് എഡിറ്ററായിരുന്ന വി.എം. നായരുടെയും മകൾ. 1934 മാർച്ച് 31-ന്
ജനിച്ചു. കമല സുരയ്യ എന്ന പേര് പിന്നീട് സ്വീകരിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും
എഴുതാറുണ്ടായിരുന്നു. ഏഷ്യൻ പോയട്രി പ്രൈസ്, കെന്റ് അവാർഡ്, ആശാൻ
വേൾഡ് പ്രൈസ്, അക്കാദമി പുരസ്കാരം, കേരളസാഹിത്യ അക്കാദമി ചെറുകഥാ
അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.
2001-ൽ കേരളസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് നല്കി ആദരിച്ചു. 2009 മെയ്
31-ന് അന്തരിച്ചു.

## മാധവിക്കുട്ടിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ:

*നോവൽ:* കടൽമയൂരം, ചന്ദനമരങ്ങൾ, മാധവിക്കുട്ടിയുടെ മൂന്ന് നോവലുകൾ,
മാധവിക്കുട്ടിയുടെ നോവെല്ലകൾ, മാനസി, അമാവാസി (കെ.എൽ. മോഹനവർമ്മ
യുമൊത്ത്), കവാടം (സുലോചനയുമൊത്ത്)

*ആത്മകഥ:* എന്റെ കഥ, My Story, എന്റെ ലോകം

*കഥ:* അനശ്വരകഥകൾ, എന്റെ ചെറിയ കഥകൾ, എന്റെ ചെറുകഥകൾ, എന്റെ
പ്രിയപ്പെട്ട കഥകൾ, ചേക്കേറുന്ന പക്ഷികൾ, നരിച്ചീറുകൾ പറക്കുമ്പോൾ, നഷ്ട
പ്പെട്ട നീലാംബരി, പക്ഷിയുടെ മണം, മാധവിക്കുട്ടിയുടെ കഥകൾ

*സ്മരണ:* ഒറ്റയടിപ്പാത, നീർമാതളം പൂത്ത കാലം, ബാല്യകാലസ്മരണകൾ,
വിഷാദം പൂക്കുന്ന മരങ്ങൾ, ഒറ്റയടിപ്പാതയും വിഷാദം പൂക്കുന്ന മരങ്ങളും

*കവിത:* കമലാദാസിന്റെ തിരഞ്ഞെടുത്ത കവിതകൾ, കെട്ടിയിട്ട കോലാട്, Only the
Soul Knows How to Sing—Selections from Kamala Das, Summer in Calcutta

*കുറിപ്പുകൾ:* ഈ ജീവിതംകൊണ്ട് ഇത്രമാത്രം, ഡയറിക്കുറിപ്പുകൾ, ഭയം എന്റെ
നിശാവസ്ത്രം

*യാത്രാവിവരണം:* കേരളസഞ്ചാരം

*സമ്പൂർണ്ണം:* മാധവിക്കുട്ടിയുടെ കഥകൾ സമ്പൂർണ്ണം, മാധവിക്കുട്ടിയുടെ കൃതികൾ
സമ്പൂർണ്ണം

*ബാലസാഹിത്യം:* അമ്മയും മകനും

*പലവക:* സ്ത്രീ: മാധവിക്കുട്ടിയുടെ അസമാഹൃത കഥകൾ, നാടകങ്ങൾ, തിരക്കഥ

മാധവിക്കുട്ടിയുടെ
പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

# ഒറ്റയടിപ്പാത

## മാധവിക്കുട്ടി

ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Ottayadippātha
MEMOIR
*by* Madhavikkuttty

© The Estate of Kamala Das
First Published April 2003
This edition - December 2023

P-ISBN: 81-713-0522-9
E-ISBN: 978-81-264-6077-9

Distributors : D C Books-Current Books, INDIA
Printed in India: Manipal Technologies Limited, Manipal.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Madhavikkutty.
Ottayadippatha/Madhavikkutty.
216 p., 21 cm., ISBN 81-713-0522-9
1. Memoir. I. Title
928.948 121-dc 22.

*The views and opinions expressed in this book are the author's own and the facts are as reported by him, and the publishers are not in any way liable for the same.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1344/23-24-Sl.No. 25829-dcb 1777(20)-400(LE)-8701-12-23-T1-e pk- d (t) rs

# ഉള്ളടക്കം

ഒരു സ്വപ്നാടനക്കാരിയുടെ യാത്ര ..... 7
കമലാജീ, നിങ്ങൾ എത്രപേരെ സ്നേഹിച്ചിട്ടുണ്ട്? ..... 12
സ്ത്രീ എങ്ങും സ്ത്രീതന്നെ ..... 17
നിദ്ര, സ്വപ്നം, മരണം ..... 22
എനിക്കു ഞാൻ അപരിചിത ..... 27
ധ്രുവനക്ഷത്രം തെളിയുന്ന വേള ..... 30
മരണത്തിന്റെ മണിമുഴക്കം ..... 36
തകർന്ന യന്ത്രങ്ങൾ താറുമാറായ ബന്ധങ്ങൾ ..... 42
പ്രേമം ലഹരിയായി പടർന്ന നാളുകൾ ..... 47
കോൺക്രീറ്റുവനത്തിലെ കണിക്കൊന്ന ..... 52
പാരമ്പര്യത്തിന്റെ ചങ്ങലകൾ ..... 57
അവ്യക്തതയുടെ മൂടുപടം സൗന്ദര്യവർദ്ധകമാണ് ..... 62
ഉള്ളിൽ വാത്സല്യത്തിന്റെ കടൽ ഇരമ്പുന്നു ..... 67
ഒതേനന്റെ കാലം മടങ്ങിവരുന്നു ..... 73
മുത്തശ്ശിക്കഥയിലെ സ്നേഹഭാവങ്ങൾ ..... 78
മറവി ജീർണതയുടെ ലക്ഷണമല്ല ..... 83
സ്വപ്നത്തിലെ സമുദ്രതാര ..... 88
കൈകൊട്ടിക്കളിക്കുന്ന സാംസ്കാരികപാരമ്പര്യം ..... 93
സ്നേഹം സ്ത്രീയെ പൂമരമാക്കും ..... 97
വിധവകൾ നടക്കുന്ന ട്രാജഡികളല്ല ..... 102
പ്രേമം ലോകസമ്മതി നേടിയ വികാരമാണ് ..... 107
ശബ്ദങ്ങളുടെ തണ്ണീർപ്പന്തൽ ..... 112
കാതുകളിലിരമ്പുന്ന ശംഖനാദം ..... 117
ചെറുവണ്ണൂരിലെ കുപ്പത്തൊട്ടികൾ ..... 123
അടിയന്തരാവസ്ഥയും എന്റെ കഥയും ..... 127

ദയ എന്നെ ഭീരുവാക്കുന്നു........................................................................131
ചാവേറുകളുടെ കാലം.......................................................................136
കവികൾ അപ്പൂപ്പൻതാടിപോലെ...............................................................140
ഡൽഹി മാത്രമല്ല ഭാരതം......................................................................146
സ്നേഹത്തിന്റെ പൂക്കൾ വിരിയട്ടെ..........................................................150
സ്നേഹം എന്ന പുണ്യതീർത്ഥം..............................................................154
സ്നേഹം വിലയിടിഞ്ഞ കറൻസിയോ?.......................................................157
തീർത്ഥാടനമായി മാറുന്ന യാത്രകൾ.........................................................159
വായനക്കാർ എന്റെ കുടുംബക്കാർ..........................................................163
ജീവിതം നൽകുന്ന പുരസ്കാരം...............................................................166
വേരുകൾ എന്ന ആശയത്തിൽ വിശ്വാസമില്ല.................................................170
ഇത് പയറ്റിന്റെ കാലം........................................................................174
വാൽനക്ഷത്രമാകാൻ വിധിക്കപ്പെട്ടവർ.......................................................178
മരണത്തിന്റെ നിശാവസ്ത്രങ്ങൾ.............................................................181
സ്ത്രീ ഞരമ്പുരോഗിണിയായി മാറുന്നു.......................................................184
മതങ്ങളുടെ മുഖങ്ങളിൽ കാരുണ്യം..........................................................188
കാനഡയിൽനിന്ന് സ്നേഹപൂർവം.............................................................191
യാത്രയിൽ പുനർജനിക്കുന്ന സർഗശക്തി...................................................195
ഭാവനയുടെ ആകാശങ്ങൾ.....................................................................199
പ്രസംഗത്തിന് മന്ത്രിമാരെ വിളിക്കൂ..........................................................204
സ്വർഗം തേടി അലയുന്നവർ...................................................................207
അടിയന്തരാവസ്ഥയുടെ അടുത്തെത്തിക്കഴിഞ്ഞു............................................210
ആത്മനിന്ദ ചിലരെ കരയിപ്പിക്കാറുണ്ട്.........................................................213

## ഒരു സ്വപ്നാടനക്കാരിയുടെ യാത്ര

വിവാഹാഘോഷങ്ങളിൽ പങ്കെടുക്കാതിരുന്നാൽ ഒരു വിധവയെ സമൂഹം കുറ്റപ്പെടുത്തുകയില്ല. എങ്കിലും അടുത്ത ബന്ധുക്കളുടെ വിവാഹാഘോഷങ്ങളിൽ പങ്കെടുക്കാൻ വിധവകളും ചിലപ്പോൾ നിർബന്ധിതരാവും. ഇത്തരം ഒരു വിരുന്നിൽ പങ്കെടുക്കാൻ ചെന്ന ഞാൻ, രണ്ടു മാന്യ മഹതികൾ മറ്റൊരു സ്ത്രീയുടെ യഥാർത്ഥ വയസ്സിനെപ്പറ്റി അമിതമായ ആവേശത്തോടെ ചർച്ചചെയ്യുന്നതു കാണുവാനും കേൾക്കുവാനും ഇടയായി.

'അവാർഡ്! എന്ത് അവാർഡ്? വായ തുറന്നാൽ നുണയേ പറയുള്ളു. യഥാർത്ഥ വയസ് അറുപതാ. ഞാൻ തെളിവുകൾ ഹാജരാക്കാം. അമ്പത്തഞ്ചുവയസ്സാണെന്നാ പറയുന്നത്! അമ്പത്തഞ്ച് ഇനി അടുത്ത ജന്മം!' മഹതികളിൽ ഒരാൾ ആക്രോശിച്ചു.

'ഒന്നോ രണ്ടോ വയസ്സു ചുരുക്കിയാൽ മാപ്പു കൊടുക്കാം. പക്ഷേ, അഞ്ചു വയസ്സു ചുരുക്കിയാൽ അത് അഹമ്മതിയാണ്.' രണ്ടാമത്തെ മഹതി പറഞ്ഞു.

വയസ്സ് ചുരുക്കിപ്പറഞ്ഞ സ്ത്രീയും മുറിയിൽ അതിഥിയായി വന്നിരുന്നു. അവരെ ചൂണ്ടിക്കൊണ്ട് ആദ്യത്തെ ആൾ പറഞ്ഞു:

'മുടി ഡൈ ചെയ്യുന്നുണ്ട്. മുഖത്തു മേക്കപ്പും വാരിത്തേച്ചിട്ടുണ്ട്. ഇതൊന്നും ആരും കണ്ടുപിടിക്കില്ലെന്നാണ് വിചാരം.'

രണ്ടു സ്ത്രീകളുടെയും മുഖത്തു പ്രകടമായ രൗദ്രഭാവം ക്രമേണ വർദ്ധിച്ചു വന്നു. വന്യമൃഗങ്ങൾ ഇണചേരുമ്പോഴും പൂച്ച മീൻ തിന്നുമ്പോഴും പ്രകടിപ്പിക്കുന്ന ആവേശത്തോടും വായിൽനിന്ന് അല്പാല്പം നുരയും പതയും തെറിപ്പിച്ചുകൊണ്ടും ആ വനിതകൾ അവരുടെ പുച്ഛം വെളിപ്പെടുത്തി. ഇത്തരം പുച്ഛപ്രകടനം ലഹരിപദാർത്ഥം സേവിക്കുന്നതിന്റെ ഗുണം ചെയ്യുമായിരിക്കാം. കാരണം ആ സ്ത്രീകളുടെ കവിളുകൾ കാണെക്കാണെ തുടുത്തുവരുന്നത് ഞാൻ അദ്ഭുതത്തോടെ നോക്കിക്കണ്ടു. പരിഹാസവും അകത്തെ വിഷംവമിക്കലും കാരണം അവരുടെ ആരോഗ്യം പെട്ടെന്ന് വർദ്ധിച്ചുവെന്ന് എനിക്കു തോന്നി. നല്ല ചുറുചുറുക്കുള്ള സ്ത്രീകൾ. സ്വരത്തിനും അന്യരുടെ ശ്രദ്ധയാകർഷിക്കുവാൻ പറ്റുന്ന കനമുണ്ടായിരുന്നു.

അന്യരുടെ ശ്രദ്ധ തന്നിലേക്ക് ആകർഷിക്കുവാൻ ചില സ്ത്രീകൾ പൊതുസ്ഥലങ്ങളിൽവെച്ച് സിനിമാസ്റ്റൈൽ പൊട്ടിച്ചിരികൾ ഉതിർക്കാറുണ്ട്; ഉറക്കെയുറക്കെ സംസാരിക്കാറുമുണ്ട്.